**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1546** **07-02-2023 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി സംബന്ധിച്ച ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയോടനുബന്ധിച്ചുള്ള ഭൂമി ഏറ്റെടുക്കലിനായി നിയോഗിച്ച മുഴുവൻ ഉദ്യോഗസ്ഥരെയും പുനർവിന്യസിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 13.01.2023 തീയതിയിലെ സ.ഉ.(സാധാ)നം. 246/2023/റവ, 01.02.2023 തീയതിയിലെ സ.ഉ.(സാധാ)നം. 527/2023/റവ ഉത്തരവുകൾ പ്രകാരം മുഴുവൻ ഉദ്യോഗസ്ഥരെയും പുനർവിന്യസിച്ചിട്ടുണ്ട്. |
| (ബി) | സിൽവർ ലൈൻ പദ്ധതി സംബന്ധിച്ച വിജ്ഞാപനം സർക്കാർ മരവിപ്പിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ; | (ബി) | **സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സ്റ്റേറ്റ് ലെവൽ എംപാനൽ ലിസ്റ്റിൽ നിന്നും SIA ഏജൻസികളെ തെരഞ്ഞെടുത്ത് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2013-ലെ LARR Act പ്രകാരം സാമൂഹ്യ പ്രത്യഘാത പഠന യൂണിറ്റിനെ നിയമിച്ച് 6 മാസത്തിനുള്ളിൽ അന്തിമ പഠന റിപ്പോർട്ട് സമർപ്പിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിക്കാത്ത പക്ഷം സെക്ഷൻ 4(1) പ്രകാരമുള്ള പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് വീണ്ടും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തേണ്ടതായി വരുന്നു.**<br><br>**റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം പുനർ വിജ്ഞാപനം ചെയ്താൽ മതിയെന്നു തീരുമാനമെടുത്തിട്ടുള്ളതാണ്.** |
| (സി) | സിൽവർ ലൈൻ പദ്ധതിക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവുന്നതാണെന്ന് റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി എൽ.എ.ആർ.ആർ ആക്ട് സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ ക്രയവിക്രയങ്ങൾ നടത്തുന്നതിനോ ഭൂമി കൈമാറ്റം ചെയ്യുന്നതിനോ യതൊരു നിയന്ത്രണങ്ങളും നിലവിലില്ല. ഇക്കാര്യം വ്യക്തമാക്കി 21.04.2022 തിയതിയിൽ REV- |

| | | | |
|---|---|---|---|
| | | | B1/414/2021/REV പ്രകാരം ബന്ധപ്പെട്ടവർക്ക് കത്ത് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ